- ഫ്ലാറ്റ് സമുച്ചയത്തിന് 15000 രൂപ വരെയും ഒരു ഫ്ലാറ്റിന് 500 രൂപയും നൽകുന്നു.
- കല്യാണ മണ്ഡപങ്ങൾ, ഹോട്ടലുകൾ, റസിഡന്റ്സ് അസോസിയേഷൻ, കോളനികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനം വഴി നൽകുന്ന ഖരമാലിന്യ സംസ്കരണ പദ്ധതികൾക്ക് യൂണിറ്റ് നിരക്കിന്റെ 50 ശതമാനം തുകയോ പരമാവധി 1 ലക്ഷം രൂപയോ സബ്സിഡിയായി നൽകുന്നു.
- പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 75 ശതമാനം സബ്സിഡി നൽകിവരുന്നു.
- നിലവിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആവശ്യമായ പരിശീലനവും നൽകിവരുന്നു.

പഞ്ചായത്തുകളിൽ വൈ-ഫൈ നെറ്റ്വർക്ക് സൗകര്യവും ഇൻഫർമേഷൻ കിയോസ്കുകളും

13 (*133) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പഞ്ചായത്തുകളിലും വൈ-ഫൈ നെറ്റ്വർക്ക് സൗകര്യവും ഇൻഫർമേഷൻ കിയോസ്കുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) 2015-16 സാമ്പത്തിക വർഷം ഈ ലക്ഷ്യം മുൻനിർത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) എല്ലാ പഞ്ചായത്തുകളിലും വൈ-ഫൈ നെറ്റ്വർക്ക് സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിലവിൽ പദ്ധതികൾ ഒന്നുംതന്നെയില്ല. എന്നാൽ ഇൻഫർമേഷൻ കിയോസ്കുകൾ കെൽട്രോണിൽനിന്നും വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫ്രണ്ട് ഓഫീസ്/ബാക്ക് ഓഫീസ് എന്നീ നടപടിക്രമങ്ങൾ സമന്വയിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുന്ന കിയോസ്കുകൾവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളായ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, പെൻഷൻ വിതരണം, വിവിധ നികുതികൾ, ലൈസൻസുകൾ സംബന്ധിച്ച വിവരങ്ങൾ, ഫയലിന്റെ നിജസ്ഥിതി, ഫയലുകളുടെ നീക്കം തുടങ്ങി പൊതുജനങ്ങൾക്ക് അവശ്യം ലഭിക്കേണ്ട മിക്ക സേവനങ്ങളും ലഭ്യമാക്കുന്നതിന് സാധിക്കുന്നു. കൂടാതെ പൊതുജനങ്ങൾക്ക് നൽകേണ്ട നിർദ്ദേശങ്ങളും അറിയിക്കേണ്ട വിവരങ്ങളും scrolling news ആയി കൊടുക്കാൻ കഴിയും. ജനങ്ങൾക്കാവശ്യമായ മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരങ്ങളും ഇന്റർനെറ്റ് വഴിയുള്ള വിവരങ്ങളും മറ്റ് സേവനങ്ങളും ഈ കിയോസ്ക് വഴി നൽകാൻ കഴിയും.

(സി) ഇല്ല.

രാസവളവും കീടനാശിനികളും ഉപയോഗിക്കുന്നതിന് നിയന്ത്രണം

14 (*134) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലാശയങ്ങൾക്ക് സമീപം കാർഷികാവശ്യത്തിന് രാസവളവും വീര്യം കൂടിയ കീടനാശിനികളും ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കാർഷികാവശ്യത്തിന് രാസവളവും കീടനാശിനിയും ശിപാർശ ചെയ്തിട്ടുള്ള അളവിൽ കൂടുതൽ ഉപയോഗിക്കരുതെന്ന നിയന്ത്രണം സംബന്ധിച്ച് കാലാകാലങ്ങളിൽ കൃഷി ഓഫീസർമാർ കർഷകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly